**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1786** **04-02-2026 - ൽ മറുപടിയ്ക്ക്**

**ശ്രീകൃഷ്ണപുരം ഗവ: എഞ്ചിനീയറിംഗ് കോളേജിൽ ലേഡീസ് ഹോസ്റ്റൽ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ഫണ്ട് ഉപയോഗിച്ച് പ്രവൃത്തി നടത്താനുള്ള ഒറ്റപ്പാലം മണ്ഡലത്തിലെ ശ്രീകൃഷ്ണപുരം ഗവ: എഞ്ചിനീയറിംഗ് കോളേജിലെ ലേഡീസ് ഹോസ്റ്റൽ നിർമ്മാണത്തിന്റെ ടെൻഡർ നടപടികൾ ഏത് അവസ്ഥയിലാണ് ഉള്ളത്; വ്യക്തമാക്കുമോ; | (എ) | സംസ്ഥാന ഇ & ടി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് ഐ ടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KSITIL) ശ്രീകൃഷ്ണപുരം ഗവ. എഞ്ചിനീയറിംഗ് കോളേജിലെ ലേഡീസ് ഹോസ്റ്റൽ നിർമ്മാണത്തിനായി SPV യായി ടെൻഡറുകൾ ക്ഷണിക്കുകയും അവയുടെ പരിശോധനയും, ടെൻഡർ ഓപ്പണിംഗും പൂർത്തിയാക്കുകയും ചെയ്തു. 29-01-2026-ൽ ടെക്നിക്കൽ കമ്മിറ്റി കൂടുകയും കരാർ ഊരാളുങ്കൽ സൊസൈറ്റിക്ക് നൽകുവാൻ തീരുമാനിക്കുകയും ചെയ്തു. |
| (ബി) | പ്രസ്തുത ടെൻഡറിൽ ഊരാളുങ്കൽ സൊസൈറ്റി പങ്കെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ അവർക്ക് പ്രസ്തുത ടെൻഡർ നൽകണമെന്ന വ്യവസ്ഥ ഉണ്ടോ; എങ്കിൽ എന്തുകൊണ്ട് അവർക്ക് നൽകുന്നില്ല; വ്യക്തമാക്കുമോ; | (ബി) | ഊരാളുങ്കൽ സൊസൈറ്റി പ്രസ്തുത ടെൻഡറിൽ പങ്കെടുത്തിട്ടുണ്ട്. |
| (സി) | നിലവിൽ ടെൻഡറുമായി ബന്ധപ്പെട്ട ഫയൽ ആരുടെ കൈവശമാണ് ഉള്ളത്; എന്നത്തേക്ക് ടെൻഡർ നടപടികൾ പൂർത്തിയാക്കും; വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (സി) | ടെണ്ടറുമായി ബന്ധപ്പെട്ട ഫയൽ നടപടികൾ കേരള സ്റ്റേറ്റ് ഐടി ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (KSITIL) ആണ് കൈകാര്യം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ